"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - ജീവനക്കാര്യം - നിയമ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിയും ബഹു. പാർലമെന്റ് അംഗം ഡോ. എം പി അബ്ദു സമദ് സമദാനിയുടെ പേഴ്സണൽ അസിസ്റ്റന്റുമായിരുന്ന ശ്രീ. ഫൈസൽ സി കെ നിയമനത്തിനായി കാത്തു നിന്ന കാലയളവ് ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.2622/2025/GAD തീയതി,തിരുവനന്തപുരം, 16-06-2025

---

പരാമർശം:- 1. 21.01.2025 - ലെ സ. ഉ. (സാധാ) നം. 264/2025/പൊഭവ.

2. 14.03.2025 - ലെ സ. ഉ. (സാധാ) നം. 1108/2025/പൊഭവ.

3. 26.04.2025 - ലെ സ.ഉ(സാധാ)നം.1829/2025/പൊ.ഭ.വ.

**ഉത്തരവ്**

നിയമ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിയായ ശ്രീ. ഫൈസൽ സി കെ - യെ പരാമർശം (1) ഉത്തരവ് പ്രകാരം ബഹു. പാർലമെന്റ് അംഗം ഡോ. എം പി അബ്ദുസമദ് സമദാനിയുടെ പേഴ്സണൽ അസിസ്റ്റന്റ്ായി നിയമിക്കുകയും പരാമർശം (2) ഉത്തരവ് പ്രകാരം ടിയാൾ പ്രസ്തുത ചുമതലകളിൽ നിന്നും വിടുതൽ ചെയ്ത് 17.03.2025 പൂർവാഹ്നത്തിൽ മാതൃവകുപ്പിൽ റിപ്പോർട്ട് ചെയ്യുകയും ചെയ്തിരുന്നു. തുടർന്ന്, പരാമർശം (3) ഉത്തരവ് പ്രകാരം ടിയാളെ നിയമ (ഉപദേശ എഫ് & പബ്ലിക്കേഷൻ) വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിയായി നിയമിക്കുകയുണ്ടായി. ശ്രീ. ഫൈസൽ സി കെ നിയമനത്തിനായി കാത്തു നിന്ന കാലയളവ് ഡ്യൂട്ടിയായി ക്രമീകരിക്കുന്നതിനുള്ള നിർദ്ദേശം നിയമ വകുപ്പിൽ നിന്നും ലഭിച്ചിരുന്നു.

(2) സർക്കാർ ഈ വിഷയം പരിശോധിച്ചു. നിയമ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിയായ ശ്രീ. ഫൈസൽ സി കെ (പെൻ - 571344) പരാമർശം (2) ഉത്തരവ് പ്രകാരം, ബഹു. പാർലമെന്റ് അംഗം ഡോ. എം പി അബ്ദുസമദ് സമദാനിയുടെ പേഴ്സണൽ അസിസ്റ്റന്റ് തസ്തികയിലെ സേവനം അവസാനിപ്പിച്ച് മാതൃവകുപ്പിൽ റിപ്പോർട്ട് ചെയ്തതു മുതൽ നിയമനത്തിനായി കാത്തു നിന്നതു വരെയുള്ള, 01.04.2025 മുതൽ 27.04.2025 വരെയുള്ള കാലയളവ് കേരള സർവ്വീസ് ചട്ടങ്ങൾ, ഭാഗം 1, ചട്ടം 12 (7) - ന് ചുവടെയുള്ള കുറിപ്പ് 4 പ്രകാരം ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സുധ .ബി

അഡിഷണൽ സെക്രട്ടറി

ശ്രീ. ഫൈസൽ സി കെ, ഡെപ്യൂട്ടി സെക്രട്ടറി, നിയമ വകുപ്പ് (നിയമ വകുപ്പ് മുഖാന്തിരം)
നിയമ വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
പൊതുഭരണ (ഇ-അഡ്മിനിസ്ട്രേഷൻ) വകുപ്പ്
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Binu Kumar N S
Date: 17-06-2025 09:47:04
സെക്ഷൻ ഓഫീസർ